## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3262 11.12.2014 - ൽ മറുപടിക്ക്**

## പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് നടപടികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. സി. എഫ്. തോമസ് | : | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ ; | | (എ) പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി 14 ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലബോറട്ടറികൾ സ്ഥാപിച്ചിട്ടുണ്ട്. എറണാകുളം, കോഴിക്കോട് ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ റീജിയണൽ ലാബുകൾ പ്രവർത്തിക്കുന്നു. തിരുവനന്തപുരത്തെ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് റീജിയണൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയുടെ പ്രവർത്തനം നിർവഹിക്കുന്നു. ജില്ലാ ലാബുകൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു.<br><br>ലാബുകളിലെ ഉദ്യോഗസ്ഥർ പ്രവൃത്തി നടക്കുന്ന സ്ഥലങ്ങളിൽ 'റാൻഡം' സന്ദർശനം നടത്തി |

നിശ്ചിത അളവിലുള്ള സാമ്പിളുകൾ ശേഖരിക്കുകയും, പ്രവൃത്തി സ്ഥലത്തുവച്ചു പരിശോധി- ക്കാനുള്ളത് അവിടെവച്ചും, ബാക്കിയുള്ളവ ഗുണനിലവാര പരിശോധനലാബുകളിൽ വെച്ചും പരിശോധന നടത്തുന്നു.

| | | | |
|---|---|---|---|
| (ബി) | ഗുണനിലവാരം വർദ്ധിപ്പിക്കുന്ന- തിനും സമയ ബന്ധിതമായി പണികൾ പൂർത്തീകരിക്കുന്ന- തിനും കൂടുതൽ നടപടികൾ സ്വീകരിയ്ക്കുമോ ; വിശദ- മാക്കുമോ ? | (ബി) | ഗുണനിലവാരം വർദ്ധിപ്പിക്കുന്ന- തിനും സമയ ബന്ധിതമായി പണികൾ പൂർത്തീകരിക്കുന്ന- തിനും ഉള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ കാല- താമസം വരുത്തുന്നത് തടയാൻ എഗ്രിമെന്റ് പ്രകാരമുള്ള സമയ- ത്തിന്റെ പകുതി മാത്രമേ പരമാവധി കാലാവധി നീട്ടികൊടുക്കാവൂ എന്ന് പൊതുമരാമത്ത് വകുപ്പ് മാന്വലിൽ പറഞ്ഞിട്ടുണ്ട്. കൂടാതെ താമസം വരുത്തുന്ന കരാറുകാരന് പിഴ ഈടാക്കാനും മാന്വലിൽ വ്യവസ്ഥ- യുണ്ട്. കൂടാതെ കാലാവധി- ക്കുള്ളിൽ പണി പൂർത്തിയാക്കാതെ കാലതാമസം വരുത്തുന്ന കരാറു- കാരുടെ രജിസ്ട്രേഷൻ പുതു- ക്കാതെയിരിക്കുന്നതിന് കോൺ- ട്രാക്ടേഴ്സ് നിയമ പ്രകാരം ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥന് അധികാരം നൽകിയിട്ടുണ്ട്. ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ഓരോ പ്രവർത്തിയ്ക്കും ഗ്യാരണ്ടി പീരീയഡ് നിശ്ചയിച്ചിട്ടുള്ളതും ആയതിനുള്ളിൽ പ്രവൃത്തിക്ക് എന്തെങ്കിലും തകരാർ സംഭവിച്ചാൽ കരാറുകാരൻ ഉത്തരവാദിയാകു- ന്നതും സ്വന്തം ചെലവിൽ പരിഹരിക്കേണ്ടതുമാണ്. |

സെക്ഷൻ ഓഫീസർ